"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതു സ്ഥലംമാറ്റ അപ്പീൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിലേക്കുള്ള സ്ഥലംമാറ്റങ്ങൾ നടത്തുന്നതിന് ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർക്ക് അധികാരം നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.248/2026/LSGD തീയതി, തിരുവനന്തപുരം, 31-01-2026

---

പരാമർശം:-
1. സ.ഉ(കൈ) നം.46/2024/LSGD തീയതി 16/3/2024
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.12.2025 തീയതിയിലെ LSGD/PD/40579/2025-DED1 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടത്തുന്ന സ്ഥലംമാറ്റങ്ങൾക്കെതിരെയുള്ള അപ്പീലുകൾ സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നും അപ്പീലുകൾ സമർപ്പിക്കേണ്ട അവസാന തീയതി മുതൽ 21 ദിവസത്തിനകം ആയത് സോഫ്റ്റ് വെയർ മുഖേന തീർപ്പാക്കേണ്ടതാണെന്നും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു . തദ്ദേശ സ്വയംഭരണ വകുപ്പിലെ പൊതു സ്ഥലംമാറ്റ അപ്പീൽ നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിലേക്കുള്ള സ്ഥലംമാറ്റങ്ങൾ നടത്തുന്നതിന് അധികാരം നൽകണമെന്ന് അഭ്യർത്ഥിച്ച് ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷ സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിലവിൽ പ്രിൻസിപ്പൽ ഡയറക്ടർ നടത്തുന്ന സ്ഥലംമാറ്റങ്ങൾക്കെതിരെ സർക്കാരിൽ സമർപ്പിക്കുന്ന അപ്പീലുകൾ അപ്പീൽ കമ്മറ്റി പരിശോധിച്ച് സോഫ്റ്റ് വെയർ മുഖേന തീർപ്പാക്കി വരുന്നുണ്ട്. സർക്കാർ പരിഗണിക്കുന്ന അപ്പീലുകൾ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നല്കിക്കൊണ്ട് സോഫ്റ്റ് വെയറിൽ തീർപ്പാക്കുകയാണ് ചെയ്യുന്നത്. പ്രത്യേകമായി ഉത്തരവുകൾ സർക്കാർ തലത്തിൽ പുറപ്പെടുവിക്കുന്നില്ല. എന്നാൽ അപ്പീൽ തീർപ്പാക്കലിന്റെ ഭാഗമായി പ്രിൻസിപ്പൽ ഡയറക്ടർ നടത്തുന്ന സ്ഥലംമാറ്റങ്ങൾ കോടതികളിൽ ചോദ്യം ചെയ്യപ്പെടുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട അപ്പീലുകൾ സർക്കാർ തലത്തിൽ

തീർപ്പാക്കി പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നല്കുന്ന കേസുകളിൽ സർക്കാർ നിർദ്ദേശ പ്രകാരം പൊതുസ്ഥലംമാറ്റം നടത്തുന്നതിനുള്ള അധികാരം പ്രിൻസിപ്പൽ ഡയറക്ടർക്ക് നല്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽഎസ്ജിഡി, തിരുവനന്തപുരം.

തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന സെക്ഷനുകൾക്ക്

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.( ERA1/235/2025-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 31-01-2026 16:12:36
സെക്ഷൻ ഓഫീസർ